**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 102** **07-02-2023 - ൽ മറുപടിയ്ക്ക്**

**കയറ്റിറക്ക് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ വി ജോയി,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ ട്രേഡ് യൂണിയനുകളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ കയറ്റിറക്ക് മേഖലയിലെ അമിത കൂലി, നോക്കുകൂലി എന്നീ പ്രശ്നങ്ങൾ അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ചുമട്ടു തൊഴിൽ മേഖലയിൽ ചെയ്യാത്ത ജോലിയ്ക്ക് കൂലി വാങ്ങുക, അമിത/അധിക കൂലി വാങ്ങുക എന്നീ അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കുവാനും രമ്യമായ തൊഴിൽ ബന്ധങ്ങൾ മേഖലയിൽ ഊട്ടിയുറപ്പിക്കുവാനും വേണ്ടിയുള്ള നിർദ്ദേശങ്ങൾ നല്കി 30.04.2018 ലെ സ.ഉ (സാധാ) നം. 511/2018/ തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഏത് സാഹചര്യത്തിലും ചെയ്യാത്ത ജോലിയ്ക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടാനും കൈപ്പറ്റാനും പാടില്ല എന്നും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് നിയമവിരുദ്ധമായി കണക്കാക്കുന്നതും ചട്ടപ്രകാരം മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ് എന്നും മേൽ ഉത്തരവ് പ്രകാരം നിർദ്ദേശം നല്കിയിട്ടുള്ളതാണ്. എന്നാൽ മേൽ പ്രകാരം നിർദ്ദേശം നല്കിയിട്ടും ചില സ്ഥലങ്ങളിൽ നോക്കുകൂലി/അമിതകൂലി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ തൊഴിൽ വകുപ്പ് പ്രശ്നത്തിൽ ഇടപെട്ട് കൂടുതലായി വാങ്ങിയ കൂലി തിരികെ നൽകുകയും ചില സ്ഥലങ്ങളിൽ അമിത കൂലി വാങ്ങിയ തൊഴിലാളികളുടെ രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിനു കീഴിൽ സംസ്ഥാനമൊട്ടാകെ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റിയുമുൾപ്പെടെ ആകെ 15 കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. മേൽ ജില്ലാ കമ്മിറ്റികളിലേയും കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റിയിലേയും ചുമട്ടു തൊഴിൽ മേഖലയിൽ മുൻകാലങ്ങളിൽ അങ്ങിങ്ങായി നിലനിന്നിരുന്ന നോക്കുകൂലി, |

| | | | |
|---|---|---|---|
| | | | അധികകൂലി അമിതകൂലി എന്നീ പ്രവണതകളെ നിർമ്മാർജ്ജനം ചെയ്യുന്നതിനായി 2021-22 വർഷത്തിൽ “നോ നോക്കുകൂലി -22" ക്യാംപെയിൻ ഉൾപ്പെടെയുള്ള ബോധവല്കരണ നടപടികൾ സംഘടിപ്പിക്കുകയുണ്ടായി. നിലവിൽ ഉണ്ടാകുന്ന ഒറ്റപ്പെട്ട പരാതികൾ വരുന്ന മുറയ്ക്ക് തന്നെ 15 കമ്മിറ്റികളും അതിനു കീഴിലുള്ള സബ് ഓഫീസ് അധികൃതരും വിഷയത്തിൽ ഇടപെട്ട് പരാതികൾ രമ്യമായി പരിഹരിച്ച് പോരുന്നു. |
| (ബി) | തൊഴിൽ തർക്കങ്ങളും കൂലി സംബന്ധിച്ച തർക്കങ്ങളും ഒഴിവാക്കുന്നതിന് തൊഴിൽ സേവ ആപ്പ് രൂപീകരിച്ചിട്ടുണ്ടോ; ജില്ലാതലത്തിൽ ഏകീകൃത ചുമട്ടുകൂലി പ്രാബല്യത്തിൽ വരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ചുമട്ടുതൊഴിൽ മേഖലയിലെ വിവിധ പ്രശ്നങ്ങൾ, നോക്കുകൂലി, അമിതകൂലി എന്നിവയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പൊതുജനങ്ങൾക്കായി തൊഴിൽ വകുപ്പ് "തൊഴിൽ സേവ ആപ്പ്" എന്ന പേരിൽ ഒരു മൊബൈൽ ആപ്പ് പ്രാവർത്തികമാക്കിയിട്ടുണ്ട്. ചുമട്ടുതൊഴിൽ മേഖലയുമായി ബന്ധപ്പെട്ടുള്ള ഏതു പരാതിയും ആർക്കും ഈ മൊബൈൽ ആപ്പിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. പരാതി രജിസ്റ്റർ ചെയ്ത ഉടൻ തന്നെ ആയത് SMS Alert ആയി ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ലഭിക്കുകയും ടി ഉദ്യോഗസ്ഥൻ അപ്പോൾ തന്നെ സംഭവസ്ഥലത്ത് എത്തിച്ചേരുകയും പ്രശ്നത്തിൽ ഇടപെട്ട് പരിഹാരം കാണുകയും ടി വിവരം മൊബൈൽ ആപ്പിൽ അപ്ഡേറ്റ് ചെയ്യുകയും ചെയ്യുന്നു. ടി മൊബൈൽ ആപ്പിൽ പരിശോധിക്കുന്നത് വഴി തങ്ങളുടെ പരാതിയിൽ പരിഹാരമായിട്ടുണ്ടോ എന്നത് ഉറപ്പുവരുത്താനും പരാതിക്കാരന് കഴിയുന്നു. കൂടാതെ പ്രസ്തുത ആപ്പിൽ ആവശ്യമായ മോഡിഫിക്കേഷനുകൾ വരുത്തുന്നതിനായുള്ള നടപടികൾ നടന്നു വരുന്നുമുണ്ട് . സ്റ്റാർട്ടപ്പ് മിഷൻ മുഖാന്തിരം Global Innovative Technologies Private Limited- ന് വർക്ക് ഓർഡർ നല്കുകയും, പ്രാരംഭ ഘട്ടമായി ഒരു ഡെമോ പ്രസന്റേഷൻ നടത്തുകയും തുടർ അപ്ഡേഷനുകൾക്കുമേൽ പ്രവർത്തികൾ നടന്ന് വരികയും ചെയ്യുന്നു. ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ജില്ലകളിൽ ഏകീകൃത ചുമട്ടുകൂലി നടപ്പിലാക്കുന്നതിനുള്ള ചർച്ച നടത്തി വരുന്നു. |
| (സി) | സ്ഥാപന ഉടമകൾക്ക് തങ്ങൾക്കിഷ്ടമുള്ളവരെക്കൊണ്ട് ചരക്ക് കയറ്റിറക്ക് ജോലി ചെയ്യിക്കാമെന്ന കോടതിയുത്തരവ് പ്രാദേശികമായുള്ള തൊഴിലാളികളുടെ തൊഴിൽ അവകാശത്തെ ലംഘിക്കുന്നതായതിനാൽ ഇക്കാര്യത്തിൽ എങ്ങനെ ഇടപെടാൻ കഴിയുമെന്ന് പരിശോധിക്കുമോ? | (സി) | സ്ഥാപന ഉടമകൾക്ക് തങ്ങൾക്ക് ഇഷ്ടമുള്ളവരെക്കൊണ്ട് കയറ്റിറക്ക് ജോലി ചെയ്യിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ടി തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന് തൊഴിൽ വകുപ്പ് ബാധ്യസ്ഥരാണ്. ഇത്തരം വിഷയങ്ങൾ മൂലം |

| | | | |
|---|---|---|---|
| | | | തൊഴിലാളികൾ ചെയ്തുകൊണ്ടിരുന്ന പല മേഖലകളിലെയും തൊഴിൽ കുറയുന്നതിനിടയാക്കിയിട്ടുണ്ട്. ഇവയുമായി ബന്ധപ്പെട്ട് ചിലയിടങ്ങളിൽ താൽക്കാലിക തൊഴിൽ സമരങ്ങൾ ഉണ്ടാകുന്നുണ്ട്. എന്നാൽ ഇത്തരം തൊഴിൽ തർക്കങ്ങളിൽ ബോർഡും, തൊഴിൽ വകുപ്പും സമയോചിതമായി ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ